A1/139/2024-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

കേരള ലളിതകലാ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് ഒന്നാം ഗഡു അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.223/2024/CLAD    തീയതി,തിരുവനന്തപുരം, 27-04-2024

---

പരാമർശം:- കേരള ലളിതകലാ അക്കാദമി സെക്രട്ടറിയുടെ 03.04.2024 തീയതിയിലെ കെ.എൽ.കെ.ബി 563/24 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ലളിതകലാ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 1,70,13,000/- (ഒരു കോടി എഴുപത് ലക്ഷത്തി പതിമൂവായിരം രൂപ) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കുന്നതിന് അക്കാദമി സെക്രട്ടറി പരാമൃഷ്ട കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ലളിതകലാ അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷം "2205-00-102-91-36 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ചിട്ടുള്ള 1,70,13,000/- രൂപയിൽ നിന്നും 34,02,000/- രൂപ (മുപ്പത്തിനാല് ലക്ഷത്തി രണ്ടായിരം രൂപ മാത്രം) ആദ്യ ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും കേരള ലളിതകലാ അക്കാദമി സെക്രട്ടറി, സാംസ്കാരികവകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും ടി തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരികവകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 2768318 EDN-C3/140/2024-FIN dated 22.04.2024)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Bijeesh B Gopan
Date: 27-04-2024 13:14:46
സെക്ഷൻ ഓഫീസർ